പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5414 — 28.07.2015-ൽ മറുപടിക്ക്

## ചാലക്കുടി നഗരസഭയിലെ ടൗൺ ഹാൾ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി.ഡി.ദേവസ്സി | | ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും) വകുപ്പു മന്ത്രി) | |
| (എ) | ചാലക്കുടി നഗരഭ, ടൗൺ ഹാൾ നിർമ്മാണത്തിനായി ഓൺ-ഫണ്ടിൽ നിന്നും കൗൺസിൽ തീരുമാനമില്ലാതെ 85 ലക്ഷത്തോളം രൂപ വകമാറ്റി ചെലവഴിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | പ്രസ്തുത ടൗൺ ഹാൾ നിർമ്മാണം സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (ബി) | ലഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള നഗരസഭാ സെക്രട്ടറിയുടെ റിപ്പോർട്ട് പരിശോധിച്ചു വരുന്നു. |
| (സി) | സ്വകാര്യ വ്യക്തികളിൽ നിന്നും ടൗൺ ഹാൾ നിർമ്മാണത്തിനായി ഫണ്ട് പിരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; | (സി) | ചാലക്കുടി മുനിസിപ്പൽ കൗൺസിലിന്റെ 02-05-2011-ലെ 1-ാം നമ്പർ തീരുമാന പ്രകാരം പൊതുജനങ്ങളിൽ നിന്നും ഉപാധികളില്ലാതെ സൗജന്യമായി ധനസഹായം സ്വീകരിച്ച് ടൗൺഹാൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | നഗരസഭ ടൗൺ ഹാൾ നിർമ്മാണത്തിലെ അഴിമതിയും ക്രമക്കേടും അന്വേഷിക്കുന്നതിനും, ആരിൽ നിന്നൊക്കെ എത്ര തുകയാണ് നഗരസഭ പിരിച്ചിട്ടുള്ളത് എന്ന് പ്രസിദ്ധപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) | പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ